വരെ അപേക്ഷിച്ച് നേഴ്സിന്റെ യൂണിഫാറം വൃത്തിയായി, സൂക്ഷിച്ച്, നന്നായി അയൺ ചെയ്ത കാഴ്ചപ്പക്ക വേണ്ടി മാത്രമല്ല, അവർ സേവനം അനുഷ്ഠിക്കുന്ന രംഗത്തെ രോഗികളുടെ രക്ഷയ്ക്ക വേണ്ടിയും ഭദ്രമാക്കേണ്ടതാവശ്യമാണ്. അതു കൊണ്ട മറ്റു സർവ്വീസിലുള്ളവർക്ക യൂണിഫാറം കൊടുക്കുന്നതു പോലെയുള്ള പരിഗണനമാത്രം അവരുടെ കാര്യത്തിൽ ഉണ്ടായാൽ പോരാ എന്നാണ് അവരുടെ അസ്സോസിയേഷൻ ആവശ്യപ്പെട്ടതു. അതു പോലെ തന്നെ മെസ് അലവൻസിനെപ്പറ്റി അവർ പറയുന്നതു ദിവസം 13-ം 14-ം മണിക്കൂർവരെ ജോലി ചെയ്യേണ്ടി വരുന്നതിനാൽ, അവർ കൈകാര്യം ചെയ്യുന്ന ജോലിയുടെ സ്വഭാവവും പ്രത്യേകതയും പരിഗണിച്ച് ഇൻഡ്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും, ലോകത്തു പല സ്ഥലത്തും കൊടുത്തു വരുന്നതുപോലെ മെസ്സലവൻസു കൊടുക്കണമെന്നാണ്, ഈ പരിതസ്ഥിതിയിൽ ഈ പ്രശ്നം എങ്ങനെ കൈകാര്യം ചെയ്യണമെന്നു ഗവണ്മെന്റു ആലോചിച്ചു വരികയാണ്. നേഴ്സസ് അസോസിയേഷൻ സംസ്ഥാന വ്യാപകമായ ഒരു സമരം നടത്തുമെന്ന തീരുമാനത്തിലെത്തിച്ചേർന്നിരിക്കുന്നതു പരിതാപകരമാണ്. ഈ സംസ്ഥാനത്തു് ആതുരശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന അവർ ഒരു സമരത്തിലേർപ്പെടുക ഖേദകരമാണ്. അതുണ്ടാകാതിരിക്കാൻ ഗവണ്മെന്റിനെ കൊണ്ട ചെയ്യാവുന്നതെല്ലാം ചെയ്യുന്നുണ്ട്. നേഴ്സസ് അസോസിയേഷൻ ഭാരവാഹികളുമായി അതിനെപ്പറ്റി ചർച്ച ചെയ്തു. എന്നെ കൊണ്ട ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യാൻ തയ്യാറാണെന്ന അവർക്ക ഉറപ്പു നൽകിയിട്ടുണ്ട്. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ആശുപത്രികളുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്ന സമരപരിപാടി സ്വീകരിക്കരുതെന്നും അവരോടു് അഭ്യർത്ഥിച്ചിട്ടുണ്ട്. ആ അഭ്യർത്ഥന അവർ ചെവി ക്കൊള്ളുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഈ കാര്യത്തിൽ ഗവണ്മെന്റിനു കൈക്കൊള്ളാൻ കഴിയുന്ന നടപടികളും കഴിയുന്നതും വേഗം സ്വീകരിക്കുന്നതാണെന്നു് ഈ അവസരത്തിൽ ഉറപ്പു നൽകുകയാണ്.

ശ്രീ. ടി. എ. മജീദ്: ഗവണ്മെന്റു ചെയ്യേണ്ടതു വേണ്ട സമയത്തു് ചെയ്യാതിരുന്നതു കൊണ്ടല്ലേ ഈ കഴപ്പം ഉണ്ടായതു്? പേകമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഈ അലവൻസുകളും നിറുത്തലാക്കിയതെന്നു പറഞ്ഞു. റിപ്പോർട്ട കിട്ടിയതു ഗവണ്മെന്റു പരിശോധിച്ചപ്പോൾ കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളും നഷ്ടപ്പെടുന്ന ഒരു സ്ഥിതിവിശേഷം, അപഹാസ്യമായ ഒരു അവസ്ഥയുണ്ടായതു് പരിഹരിക്കാമായിരുന്നില്ലേ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഗവണ്മെന്റു ചെയ്യേണ്ട കാര്യങ്ങളും ചെയ്തിട്ടില്ല എന്നു പറയുന്നതു ശരിയല്ല. പേകമ്മീഷൻ വേണ്ടതു പഠിച്ചതിനു ശേഷമാണ്, വിദഗ്ദ്ധമായി പരിശോധിച്ചതിനു ശേഷമാണ് റിപ്പോർട്ട സമർപ്പിച്ചതു് ഗവണ്മെന്റു ഈ കാര്യത്തിൽ വേണ്ടതു ചെയ്തില്ല ,ശ്രദ്ധിച്ചില്ല, പരിഗണിച്ചില്ല എന്നു പറയുന്നതു ഖേദകരമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തര പ്രമേയം അനുവദിക്കുന്നില്ല.

CALLING ATTENTION UNDER RULE 61

Destruction of Huts in Hosdurg Taluk

ശ്രീമതി. കെ. ആർ. ഗൗരി: സർ, ഹോസ്ദുർഗ്ഗ താലൂക്കിൽ നീലേശ്വരത്തു കൊട്ടറ എന്ന സ്ഥലത്തുണ്ടായ ഒരു സംഭവത്തെപ്പറ്റി ശ്രീ. എം. ചടയൻ ഇവിടെ പറയുകയുണ്ടായി. 1960-ൽ അവിടത്തെ വീവേഴ്സ് കാളനിക്ക വേണ്ടി അളന്നു തിരിച്ചു കൊടുത്ത സ്ഥലമാണതു്. അവിടെ കാളനി ആരംഭിക്കുന്നതിനുള്ള നടപടി നടത്തി എല്ലിച്ചു കൊടുത്തതാണതു്. വീവേഴ്സ് കാളനിയിലുള്ള ആളുകളും ആ നാട്ടിലുള്ള ആളുകളുമായിട്ട് കുറേക്കാലമായിട്ട് തർക്കം നടന്നു കൊണ്ടിരിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

വീവേഴ്സ് കോളനിക്കുള്ളിൽകൂടി ഒരു റോഡ് വെട്ടണമെന്നും, അങ്ങനെ റോഡ് വെട്ടുമ്പോൾ അവരുടെ സ്ഥലത്തുകൂടി മുഴുവൻ റോഡും വെട്ടിക്കൂടാ, കുറച്ചുസ്ഥലം ഒരു ഹരിജനായ ശ്രീ. കുഞ്ഞമ്പുവിൻറേതു ആവശ്യപ്പെടണമെന്നും അഭിപ്രായ മുണ്ടായി. അങ്ങനെ സ്ഥലം കൊടുക്കുന്നതിനു നാട്ടുകാർ എതിർത്തു തന്മൂലം അവിടെ ഒരു സംഘർഷം ഉണ്ടായി ആ സംഘർഷാവസ്ഥ നിലനിൽക്കുകയാണു്. അതു പോലെ തന്നെ ശ്രീ. കുഞ്ഞമ്പു 17/7/69-ൽ ആ സ്ഥലത്തു പ്രവേശിച്ചു ഒരു കുടിൽ കെട്ടി. ആ സ്ഥലം വീവേഴ്സ് കോളനിവകയാണെന്നു തർക്കം ഉണ്ടായി. കുടിൽ പൊളിച്ചു സാധനങ്ങൾ കൊണ്ടു പോയി. അതോടുകൂടിയാണു് സംഘർഷാവസ്ഥ ഉണ്ടായതു്. രണ്ടുകൂട്ടരും അങ്ങോട്ടുമിങ്ങോട്ടും അടിപിടിമഹളകൾ ഉണ്ടായി. കുറേ പേർക്കു് മുറിവേറ്റു. ചിലരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രണ്ടുകൂട്ടരുടെ പേരിലും കേസ്സു ചാർജ്ജു ചെയ്തിട്ടുണ്ടു്. പോലീസു് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്. കൂടുതൽ സംഘർഷികാസം ഉണ്ടാകാത്ത നിലയിൽ വേണ്ടതു ചെയ്തിട്ടുണ്ടു്. ഡി. വൈ. എസ്സു്. പി. യും, ആർ. ഡി ഓ. യും. സമാധാനപരമായി തർക്കങ്ങൾ പറഞ്ഞു തീർക്കാൻ ഇരു വിഭാഗക്കാരെയും വിളിച്ചാലോചിച്ചതിൽ അവർ യോജിച്ചില്ല. ആവശ്യമായ മേൽ നടപടികൾ സ്വീകരിക്കുന്നുണ്ടു്.

PAPERS LAID ON THE TABLE

Chief Minister (**Shri E. M. Sankaran Namboodiripad:** I lay on the Table:—

(a) A copy of the Notification No. 56381/SD–4/68/PD dated 11th November 1961 (S. R. O. No. 402/68) issued by the Government under sub-sections (1) and (2) of Section 7 of the Payment of Salaries and Allowances Act, 1951 (Act XIV of 1951) containing amendment to the Kerala Ministers' and Speaker's Travelling Allowance and Daily Allowance Rules, 1969.

(b) A copy of the Sixteenth Annual Report of the Kerala Financial Corporation for the year ended 31st March 1969 as required under Section 38 (3) of the State Financial Corporations Act, 1951.

Agriculture and Electricity Minister (**Shri M. N.Govindan Nair**): I lay on the Table:

(a) A copy of the Budget Estimate of the Kerala State Electricity Board for 1968–69 (Volumes I and II) as required under Section 61 (3) of the Electricity (Supply) Act, 1948.

(b) A copy of the Notification G O. (P) No. 281/69 Agri. dated 17-7-1969 issued by the Government under sub-section (1) of section 2 of the Kerala Public Service Act, 1968 (19 of 1968) containing amendment to the Special Rules in respect of the Kerala Animal Husbandry Service.

PRESENTATION OF REPORT

Report of the Committee on Private Members Bills and Resolutions

ശ്രീ. കെ. കെ. അബു: സർ, സ്വകാര്യഅംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച 1969-ലെ 9-മത്തെ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly